പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.118

08.02.2013 ൽ
മറുപടിക്ക്

# നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.സി. കൃഷ്ണൻ :<br>ശ്രീ.കെ.വി.വിജയദാസ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) അരിയുൽപാദനത്തിൽ ഗണ്യമായ കുറവുള്ള സംസ്ഥാനത്തെ അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) സംസ്ഥാനത്തെ അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ ; | (ബി) സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനും തരിശിട്ടിരിക്കുന്ന വയലുകളിൽ കൃഷി ചെയ്യിക്കുന്നതിനും നിയമാനുസൃതം നടപടികൾ സ്വീകരിച്ചു വരുന്നു. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുകയും നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ഉൾപ്പടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും റവന്യൂ - പോലീസ് വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും ചെയ്യുന്നു. |
| (സി) പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം എല്ലാ ജില്ലകളിലും പ്രാദേശിക തല നിരീക്ഷണ സമിതികളും ജില്ലാ തല സമിതികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു ആവശ്യത്തിന് നിലം |

നികത്തുവാനനുമതിയ്ക്കായി പ്രാദേശികതല നിരീക്ഷണ സമിതികൾ ശുപാർശ ചെയ്യുന്ന കേസുകളിൽ ആവശ്യമായ പരിശോധനകൾ നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടി നിയമ പ്രകാരം സംസ്ഥാനത്തെ കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിശദ വിവരങ്ങളടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കി ആയത് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) കേരളം രൂപം കൊള്ളുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്നതും നിലവിൽ അവശേഷിക്കുന്നതുമായ നെൽവയലിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

(ഡി) കേരള സംസ്ഥാനം രൂപം കൊള്ളുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്നതും നിലവിൽ അവശേഷിക്കുന്നതുമായ നെൽവയലിനെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1955 -56 - 759350 ഹെക്ടർ

1956 - 57 - 762020 ഹെക്ടർ

2011 - 12 - 208160 ഹെക്ടർ

സെക്ഷൻ ഓഫീസർ